പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.റ്റി. 2470

18.07.2011-ൽ മറുപടിയ്ക്ക്

## കയർമേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ കേരളം എത്രമാത്രം മുന്നോട്ട് പോയി എന്ന് വ്യക്തമാക്കുമോ; തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചത് ഏത് ജില്ലയാണ് ; | എ. സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കപ്പെട്ടിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷം തൊഴിൽ ലഭ്യമാക്കിയത് 99107 കുടുംബങ്ങൾക്കായിരുന്നുവെങ്കിൽ 2010-11 സാമ്പത്തിക വർഷം 11,75,816 കുടുംബങ്ങളായി വർദ്ധിച്ചു. 2006-07 സാമ്പത്തിക വർഷം 20.49 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെങ്കിൽ 2010-11 സാമ്പത്തികവർഷം 480.34 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. അതുപോലെ 2006-07 സാമ്പത്തിക വർഷം ആകെ രൂപ 2789.73 ലക്ഷമാണ് ചെലവഴിക്കപ്പെട്ടത്. എന്നാൽ 2010-11 സാമ്പത്തിക വർഷം ആകെ രൂപ 70362.66 ലക്ഷമാണ് ചെലവഴിക്കപ്പെട്ടത്. (വിശദാംശം അനുബന്ധമായി പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്). സംസ്ഥാനത്ത് നാളിതുവരെ പാലക്കാട് ജില്ലയിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടത്. |
| ബി. പഞ്ചായത്തുകളിലൂടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ തൊഴിലാളികൾക്ക് വേതനം ലഭിക്കുവാൻ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സമയബന്ധിതമായി വേതനം വിതരണം ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമം അനുശാസിക്കും പ്രകാരം സമയബന്ധിത വേതനം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് ഉത്തരവാദിത്വവും കാലഗണനയും നിശ്ചയിച്ചിട്ടുമുണ്ട്. |

പരമ്പരാഗത കയർമേഖലയിൽ ഈ പദ്ധതി വ്യാപിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

സി. പരമ്പരാഗത കയർ മേഖലയിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി കയർ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ I ഖണ്ഡിക 1 പ്രകാരമുള്ള അംഗീകൃത പ്രവൃത്തികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 27-08-2010-ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ തീരുമാനമെടുക്കുകയും ആയത് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പുരോഗതി

| ക്രമനം | ഇനം | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 |
|---|---|---|---|---|---|---|
| 1 | ആകെ തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ (എണ്ണം) | 99107 | 182029 | 692015 | 956790 | 1175816 |
| 2 | ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 20.49 | 60.45 | 153.74 | 340.35 | 480.34 |
| 3 | ആകെ ചെലവ് (രൂ. ലക്ഷത്തിൽ) | 2789.73 | 8336.83 | 22440.92 | 47068.11 | 70362.66 |

സെക്ഷൻ ഓഫീസർ